# മന്നം മെമ്മോറിയൽ ഹയർസെക്കന്ററി സ്കൂൾ




## അക്കാദമിക് മാസ്റ്റർ പ്ലാൻ

## 2025-26

വിളക്കുടി പി.ഒ , കുന്നിക്കോട്, കൊല്ലം

ഫോൺ നം: 9961751584

# ആമുഖം

വിളക്കുടി പഞ്ചായത്ത് പരിധിയിലുള്ള വിളക്കുടി ഗ്രാമത്തിലാണ് മന്നം മെമ്മോറിയൽ ഹയർസെക്കന്ററി സ്കൂൾ സ്ഥിതിചെയ്യുന്നത്.1962-ലാണ് വിദ്യാലയം സ്ഥാപിച്ചത്. പിന്നീട് 2014-ൽ ഹയർസെക്കന്ററി വിഭാഗം ആരംഭിച്ചു.നിലവിൽ ഹൈസ്കൂൾ വിഭാഗത്തിൽ 180 കുട്ടികളും ഹയർ സെക്കന്ററി വിഭാഗത്തിൽ 300 കുട്ടികളും പഠിക്കുന്നുണ്ട് . ഇന്ന് ജീവിതത്തിന്റെ സമസ്തമേഖലകളിലും കഴിവുതെളിയിച്ച ആയിരക്കണക്കിന് പൂർവ്വവിദ്യാർത്ഥികൾ ഇപ്പോഴും ഈ വിദ്യാലയത്തിന് ശക്തിപകർന്നുകൊണ്ടിരിക്കുന്നു. സ്കൂൾ ചരിത്രം, ഭൗതീകസാഹചര്യങ്ങൾ , 2025-26 അക്കാദമിക വർഷത്തിൽ നടപ്പാക്കാനുദ്ദേശിക്കുന്ന പാഠ്യ – പാഠ്യേതര പ്രവർത്തനങ്ങൾ എന്നിവയാണ് ഇതിൽ ഉള്ളടക്കം ചെയ്തിരിക്കുന്നത് .

# ചരിത്രം

വിളക്കുടി പഞ്ചായത്തിൽ ഒരു ഹൈസ്കൂൾ - അത് നാടിന് ആവശ്യമായിരുന്നു. 1962 ജൂൺ മാസത്തിൽ ആ സ്വപ്നം പൂവണിഞ്ഞു. പത്തനാപുരം താലൂക്ക് എൻ.എസ്.എസ് യൂണിയൻ പ്രസിഡന്റും മുൻ മന്ത്രിയുമായ ശ്രീ.ആർ. ബാലകൃഷ്ണപിള്ളയുടെ കഠിനാധ്വാനത്തിന്റേയും ഇച്ഛാശക്തിയുടെയും ഫലമായാണ് ഈ സ്വപ്നം പൂവണിഞ്ഞത്.പുനലൂരിലോ തലവൂരിലോ പോയി ഹൈസ്സ്കൂൾ വിദ്യാഭ്യാസം നേടേണ്ടിയിരുന്നവർക്കും അവരുടെ രക്ഷാകർത്താക്കൾക്കും അനുഗ്രഹമായി. സ്കൂളിനാവശ്യമായ സ്ഥലം സൗകര്യപ്പെടുത്താൻ സഹായിച്ച ശ്രീ.കെ.പി.കുഞ്ഞൻപിള്ള ഈ സന്ദർഭത്തിൽ സ്മരണീയനാണ്. നൂറ്റിഅൻപത്തിയൊന്ന് കുട്ടികളും ആറ് അദ്ധ്യാപകരും മറ്റ് രണ്ട് ജീവനക്കാരുമായി മന്നം മെമ്മോറിയൽ ഹൈസ്കൂൾ പ്രവർത്തനമാരംഭിച്ചു. ശ്രീ.എൻ.രവീന്ദ്രൻ നായർക്കായിരുന്നു ഹെഡ്മാസ്റ്ററുടെ താൽക്കാലിക ചുമതല. 01.03.1963 -ൽ ശ്രീ. പി.എൻ.ഗംഗാധരൻ നായർ സ്ഥിരം ഹെഡ്മാസ്റ്ററായിചുമതലയേറ്റു. കേരളത്തിലെ ഏറ്റവും മികച്ച വിദ്യാലയങ്ങളുടെ പട്ടികയിൽ സ്കൂൾ ഇടം നേടിയിരുന്നു.

# ഭൗതികസൗകര്യങ്ങൾ

- അഞ്ച് ഏക്കർ ഭൂമിയിലാണ് സ്കൂൾ കെട്ടിടം സ്ഥിതിചെയ്യുന്നത്. പതിനഞ്ച് സ്മാർട്ട് ക്ലാസ് റൂമുകളും ഒരു ഓഫീസ് മുറിയും രണ്ട് സ്റ്റാഫ് റൂമുകളും മുപ്പത് കമ്പ്യൂട്ടറുകളുമുള്ള വിശാലമായ ഒരു കമ്പ്യൂട്ടർ ലാബും ഉണ്ട്.
- ബ്രോഡ്ബാന്റ് ഇന്റർനെറ്റ് സൗകര്യം ലഭ്യമാണ്.

- എല്ലാ കമ്പ്യൂട്ടറും നെറ്റ് വർക്ക് ചെയ്തിരിക്കുന്നു.
- ഓഫീസ് വർക്കുകളും കമ്പ്യൂട്ടർ നിയന്ത്രിതമാണ്. കൂടാതെ ലാബ്- ലൈബ്രറി സംവിധാനം ലഭ്യമാണ്.
- കുട്ടികൾക്കായി ഓഡിയോ വിഷ്വൽ റൂം.
- മുൻ ഹെഡ്മാസ്റ്റർ ശ്രീ.പി.എൻ.ഗംഗാധരൻ നായരുടെ പേരിൽ ഇളമ്പൽ സർവ്വീസ് സഹകരണ ബാങ്ക് നിർമ്മിച്ചുതന്ന സ്കൂൾ ആഡിറ്റോറിയം.
- ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും പ്രത്യേക ടോയ്‌ലറ്റ് സൗകര്യം.
- സാങ്കേതിക വിദ്യ ഉപയോഗിച്ച് സൃഷ്ടിക്കാനും നവീകരിക്കാനും വിദ്യാർത്ഥികളെ പ്രാപ്തരാക്കുന്നതിനായി ഇന്ത്യൻ സർക്കാരിന്റെ അടൽ ഇന്നൊവേഷൻ മിഷനായ അടൽ ടിങ്കറിംഗ് ലാബ്.
- പരിസ്ഥിതി സൗഹൃദ ക്ലാസ് അന്തരീക്ഷം.
- പ്രത്യേക അടുക്കളയും ഭക്ഷണം കഴിക്കാനുള്ള ഡൈനിംഗ് ഹാളും.

# അടിസ്ഥാനവിവരങ്ങൾ

| | |
|---|---|
| പേര് | : മന്നംമെമ്മോറിയൽ ഹയർസെക്കന്ററി സ്കൂൾ |
| വിലാസം | :വിളക്കുടി പി ഒ കുന്നിക്കോട് കൊല്ലം ജില്ല |
| ഫോൺ | : 9961751584 |
| വിദ്യാഭ്യാസ ഉപജില്ല | :പുനലൂർ |
| വിദ്യാഭ്യാസ ജില്ല | :കൊല്ലം |
| റവന്യൂ ജില്ല | :കൊല്ലം |
| ബി ആർ സി | :പുനലൂർ |
| നിയമസഭാമണ്ഡലം | :പത്തനാപുരം |

ലോക് സഭാമണ്ഡലം :മാവേലിക്കര

തദ്ദേശസ്ഥാപനം :വിളക്കുടി

ഇ മെയിൽ :40037mmhsvilakudy@gmail.com

# സ്കൂൾ സമഗ്രവികസനകാഴ്ചപ്പാട്

പാഠ്യ പാഠ്യേതര പ്രവർത്തനങ്ങളിൽ ഓരോ വിദ്യാർത്ഥിക്കും സജീവമായി പങ്കെടുക്കുവാനും ലോകത്ത് മറ്റെവിടെയും പഠിക്കുന്ന സമാനപ്രയത്തിലുള്ള വിദ്യാർഥികൾ നേടുന്ന അറിവും ശേഷികളും മൂല്യങ്ങളും നേടാനും ഉത്തമപൗരന്മാരായി മാറാനും ആവശ്യമായ പഠനസാഹചര്യം ഒരുക്കുക

# അക്കാദമിക് മാസ്റ്റർ പ്ലാനിന്റെ പൊതുലക്ഷ്യം

➔ ഓരോ കുട്ടിയും വിവിധ ഭാഷാശേഷികൾ നേടിയിട്ടുണ്ടെന്ന് ഉറപ്പാക്കുക.

➔ ഓരോ കുട്ടിയേയും മാതൃഭാഷയെ സ്നേഹിക്കുന്നവരായും മറ്റു ഭാഷകളിൽ പ്രാവീണ്യമുള്ളവരായും മാറ്റുന്നതിന് പരിശീലനം നൽകുക .

➔ കുട്ടികളെ ഗണിതശാസ്ത്രപഠനത്തിൽ താല്പര്യമുള്ളവരാക്കി മാറ്റുക

. ഗണിതപ്രതിഭകളെ കണ്ടെത്തി പ്രത്യേകപരിശീലനം നൽകുക.

➔ ശാസ്ത്രപഠനത്തിനു സമൂഹത്തിലുള്ള പ്രാധാന്യം കുട്ടികളെ ബോധ്യപ്പെടുത്തുകയും അവരെ ശാസ്ത്രബോധമുള്ളവരാക്കിമാറ്റുകയും ചെയ്യുക . അന്ധവിശ്വാസങ്ങൾക്കും അനാചാരങ്ങൾക്കുമെതിരെ പോരാടാനും കുട്ടികളെ പ്രാപ്തരാക്കുക .

➔ മാനവികവിഷയങ്ങൾ പഠിക്കുന്നതിലൂടെ കുട്ടികളിൽ മാനവികതാബോധം ഉണ്ടാക്കുകയും സർവമത സാഹോദര്യം വളർത്തുകയും ചെയ്യുക .

➔ കലാകായികപ്രവർത്തിപരിചയപഠനത്തിലൂടെ കുട്ടികളുടെ കായികശേഷിയും കലാശേഷിയും മെച്ചപ്പെടുത്തുക

# മികവ്

വിദ്യാരംഗം കലാസാഹിത്യവേദി, ലിറ്റിൽകൈറ്റ്സ് , ജെ ആർ സി, വിവിധ ക്ലബ്ബ് പ്രവർത്തനങ്ങൾ പരിസ്ഥിതി ക്ലബ്ബ്, സീഡ്, സൈക്കോ -സോഷ്യൽ കൗൺസലിംഗ് എന്നിവയുടെ പ്രവർത്തനങ്ങൾ സജീവമായി സ്കൂളിൽ നടക്കുന്നു. ഭാവന സമ്പന്നവും സംഘടനാപാഠവവും ഉള്ള നേതൃത്വം, ഇച്ഛാശക്തിയോടെ പെരുമാറിയ അധ്യാപകർ,അവരോടൊപ്പം തോൾ ചേർന്ന അക്ഷര സ്നേഹികളായ ഒരു കൂട്ടം ജനങ്ങൾ ഇവരൊക്കെയാണ് ഈ സ്കൂളിന്റെ വളർച്ചയ്ക്ക് സഹായകമായത് .
ശക്തമായ പി.ടി.എ ,വിദ്യാർത്ഥി സംഘടന, പൂർവ്വ അധ്യാപകർ, ചെറുതും വലുതുമായ സ്ഥാപനങ്ങൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഇവരെല്ലാം സ്കൂളിന്റെ പുരോഗതിയിൽ ഒപ്പമുണ്ട്.കലാമേള, കായികമേള, ശാസ്ത്രമേള എന്നിവയിൽ എല്ലാ ഇനങ്ങളിലും കുട്ടികളെ പങ്കെടുപ്പിക്കുകയും മോശമല്ലാത്ത വിജയം കൈവരിക്കുകയും ചെയ്യുന്നുണ്ട്.പഠനപിന്നോക്കാ-വസ്ഥയിലുള്ള കുട്ടികളെ കണ്ടെത്തി അവർക്ക് ആവശ്യമായ പഠന പിന്തുണ ശ്രദ്ധ ക്ളാസ്സുകളിലൂടെ നൽകി വരുന്നു. സ മഗ്ര ഗുണമേന്മാപദ്ധതിയുടെ ഭാഗമായി പഠനപിന്നോക്കവസ്ഥയിലുള്ള കുട്ടികൾക്ക് വെക്കേഷൻ സമയത്ത് പ്രത്യേക ക്ളാസ്സുകൾ നൽകി സേ പരീക്ഷയിലൂടെ സ്ഥാനക്കയറ്റം നൽകി.

പഠനത്തിൽ മിടുക്കരായ ഏഴാം ക്ളാസ്സിലെ കുട്ടികൾക്ക് യു.എസ്സ്.എസ്സ് ക്ളാസ്സുകളും എട്ടാം ക്ളാസ്സിലെ കുട്ടികൾക്ക് N M M S ക്ളാസ്സുകളും രാവിലെയും വൈകുന്നേരങ്ങളിലും സമയം കണ്ടെത്തി പ്രത്യേക പരിശീലനം നൽകി വരുന്നു. 2024-25 അധ്യനവർഷത്തിൽ 3 കുട്ടികൾക്ക് യു. എസ്സ്. എസ്സ് സ്കോളർഷിപ്പും അതിലെ 1 കുട്ടി ഗിഫ്റ്റഡ് ചൈൽഡ് സ്ഥാനത്തിന് അർഹമാവുകയും ചെയ്തു. കഴിഞ്ഞ അധ്യനവർഷത്തിൽ ലിറ്റിൽകൈററ്സിലെ അനിമേഷൻ മത്സരത്തിന് സംസ്ഥാനതലത്തിൽ 1 കുട്ടി പങ്കെടുത്തു.
എസ്.എസ് .എൽ.സി വിദ്യാർത്ഥികൾക്ക് പ്രത്യേക പരശീലനം നൽകുന്നതിൻറെ ഭാഗമായി കുട്ടികൾക്ക് മികച്ച വിജയം കൈവരിക്കാൻ സാധിച്ചിട്ടുണ്ട്.

## കഴിഞ്ഞ വർഷങ്ങളിലെ ഓരോ ക്ലാസ്സുകളിലേയും കുട്ടികളുടെ എണ്ണം

| അക്കാദമിക വർഷം | V | VI | VII | VIII | IX | X | എസ്.എസ്.എൽ.സി ഫലം |
|---|---|---|---|---|---|---|---|
| 2018-19 | 26 | 35 | 33 | 56 | 60 | 55 | 100% |
| 2019-20 | 18 | 20 | 26 | 72 | 51 | 47 | 100% |
| 2020-21 | 30 | 30 | 34 | 54 | 51 | 51 | 100% |
| 2021-22 | 42 | 29 | 30 | 52 | 55 | 52 | 100% |
| 2022-23 | 19 | 38 | 29 | 42 | 52 | 55 | 98% |
| 2023-24 | 12 | 22 | 37 | 50 | 47 | 53 | 100% |
| 2024-25 | 12 | 17 | 25 | 49 | 52 | 49 | 100% |

## 2025-26 വർഷത്തെ പ്രധാനപ്രവർത്തനങ്ങൾ

| ക്രമനമ്പർ | പ്രവർത്തനം | സമയം |
|---|---|---|
| 1. | പ്രീ ടെസ്റ്റ് ,പരിഹാരബോധനം , പോസ്റ്റ്ടെസ്റ്റ് | ജൂൺ , ജൂലൈ |
| 2. | ക്ലാസ്സ് പി.ടി.എ | എല്ലാ മാസവും |
| 3. | വായനാമാസാചരണം | ജൂൺ 19 മുതൽ ജൂലൈ 18 വരെ |

| | | |
|---|---|---|
| **4.** | കായികപരിശീലനതുടക്കം | ജൂൺ മുതൽ |
| **5.** | ഫസ്റ്റ് മിഡ് ടേം പരീക്ഷ | ജൂലൈ രണ്ടാം വാരം |
| **6.** | ഒന്നാം പാദവാർഷിക പരീക്ഷ | ആഗസ്റ്റ് മൂന്നാം വാരം |
| **7.** | സ്കൂൾ കലോത്സവം | സെപ്റ്റംബർ രണ്ടാം<br>വാരം |
| **8.** | സ്കൂൾ കായികമേള | സെപ്റ്റംബർ അവസാന വാരം |
| **9.** | സ്കൂൾ ശാസ്ത്രമേള | സെപ്റ്റംബർ മൂന്നാം വാരം |
| **10.** | സെക്കന്റ് മിഡ് ടേം പരീക്ഷ | നവംബർ ആദ്യ വാരം |
| **11.** | രണ്ടാം പാദവാർഷിക പരീക്ഷ | ഡിസംബർ മൂന്നാം വാരം |
| **12.** | പത്താം ക്ലാസ്സ് പ്രത്യേക പരിശീലനം | ഡിസംബർ മൂന്നാം വാരം |
| **13.** | വാർഷികപരീക്ഷ | മാർച്ച് ആദ്യ വാരം മുതൽ |
| **14.** | എസ്.എസ്.എൽ.സി.പൊതുപരീക്ഷ | മാർച്ച് ആദ്യ വാരം മുതൽ |

# മേഖല യു.പി. മലയാളം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1) ഭാഷയുടെ അടിസ്ഥാന ശേഷി വികസനം. ആശയ സംവേദനം നടത്താനും പദസമ്പത്ത് വളർത്താനും പഠിതാക്കളെ പ്രാപ്തരാക്കുക. | **എന്റെ അവധിക്കാലം:** പഠിതാക്കൾ അവരുടെ അവധിക്കാല അനുഭവങ്ങൾ വിവിധ വ്യവഹാരങ്ങളിലൂടെ (കഥ, കവിത, യാത്രാനുഭവം, അനുഭവ കുറിപ്പ്) അവതരിപ്പിക്കുന്നു. | ജൂൺ മാസം | മലയാളം അധ്യാപകർ | |
| | **ഭാഷാകേളി:** അക്ഷരങ്ങളും പദങ്ങളും ആവർത്തിച്ച് വരുന്ന വരികൾ ഉച്ചരിച്ച് അക്ഷരശുദ്ധി ആസ്വാദനം എന്നിവ വളർത്തുന്നു. | ജൂൺ മാസം | മലയാളം അധ്യാപകർ | |
| | **വാക്കുകളിൽ നിന്നും വാക്യത്തിലേക്ക്:** അക്ഷരങ്ങളും ചിഹ്നങ്ങളും ഉൾപ്പെട്ട കാർഡുകളുപയോഗിച്ച് പദങ്ങളുടെയും വാക്യങ്ങളുടെയും നിർമ്മാണം. | ജൂൺ മാസം | മലയാളം അധ്യാപകർ | |
| 2) പഠിതാവിൽ അർത്ഥപൂർണ്ണമായ വായന ഉറപ്പ് വരുത്തുക. | **വാർത്താലോകത്തേക്ക്:** പത്രം, ആഴ്ച്ചപതിപ്പ്, മാസികകൾ എന്നിവ പഠിതാക്കൾ വായിക്കുകയും പ്രതികരണശേഷി ഉണർത്തുകയും ഉച്ചാരണശുദ്ധി വളർത്തുകയും ചെയ്യുന്നു. | എല്ലാദിവസവും | മലയാളം അധ്യാപകർ | |

PDF Scanner ACE Scanner

## മേഖല യു.പി. മലയാളം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| | **വാർത്താവായന:**<br>നവമാധ്യമങ്ങളുടെ സഹായത്താൽ സ്ക്രീനിൽ തെളിയുന്ന വാർത്തകൾ കുട്ടികളെ കൊണ്ട് വായിപ്പിക്കുന്നു. ക്ലാസ് തലത്തിൽ വായന നടത്തി തിരഞ്ഞെടുത്ത കുട്ടികൾക്ക് അവസരം നൽകുന്നു | പ്രതിമാസം | മലയാളം ക്ലബ്ബ് | |
| | അതാത് മാസത്തെ പ്രധാന സംഭവങ്ങൾ ക്ലാസ്, സ്കൂൾ, ലൈബ്രറി പുസ്തകങ്ങൾ എന്നിവയെ ആസ്പദമാക്കി ക്വിസ് മത്സരം നടത്തുന്നു | വർഷത്തിൽ മൂന്നുപ്രാവശ്യം | മലയാളം ക്ലബ്ബ് | മലയാളം ക്ലബ്ബ് |
| 3) സാഹിത്യ കൃതികളോടും സാഹിത്യകാരന്മാരോടുമുള്ള അനുകൂല മനോഭാവം വളർത്തുക വഴി പഠിതാക്കളുടെ സർഗ്ഗശേഷി വളർത്തൽ. | **സംവാദം/മുഖാമുഖം:**<br>സാഹിത്യകാരന്മാർ, എഴുത്തുകാർ, കലാകാരന്മാർ എന്നിവരുമായുള്ള അഭിമുഖ സംഭാഷണവും സംവാദങ്ങളും സംഘടിപ്പിക്കുന്നു | വർഷത്തിൽ രണ്ട് പ്രാവശ്യം | ഹെഡ്മിസ്ട്രസ്, മലയാളം അധ്യാപകർ | പി.ടി.എ |

PDF Scanner ACE Scanner

## മേഖല യു.പി. ഇംഗ്ലീഷ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1) ശരിയായി ഇംഗ്ലീഷ് ശ്രവിക്കാനും അനായാസം സംസാരിക്കുവാനും അവസരം ഒരുക്കുന്നു. | **Lend Your Ear-** ലളിതവും രസകരവുമായി ഇംഗ്ലീഷ് റെക്കോർഡ് ചെയ്ത് കേൾപ്പിക്കുന്നു. ബന്ധപ്പെട്ട ചോദ്യങ്ങൾക്ക് അനുയോജ്യമായ ഉത്തരങ്ങൾ നൽകുവാൻ കുട്ടിയെ പ്രോത്സാഹിപ്പിക്കുന്നു. | ജൂലൈ | ഇംഗ്ലീഷ് അധ്യാപകൻ | ഇംഗ്ലീഷ് ക്ലബ്ബ് |
| | **Follow Me If You Can!** ഇംഗ്ലീഷിൽ നൽകുന്ന നിർദ്ദേശങ്ങൾക്കനുസരിച്ച് പ്രവർത്തിക്കുവാനുള്ള പരിശീലനം നൽകുന്നു. | ജൂൺ | ഇംഗ്ലീഷ് അധ്യാപകർ | |

# മേഖല യു.പി. ഇംഗ്ലീഷ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| | **Meet the Foreigner** തനത് ഭാഷ സംസാരിക്കുന്ന വ്യക്തികളുമായി ആശയ വിനിമയം നടത്തുവാനുള്ള അവസരം ഒരുക്കുന്നു. | വർഷത്തിൽ ഒരു തവണ | ഇംഗ്ലീഷ് അധ്യാപകർ | |
| | **One Man Show** ആശയം നൽകി ഇംഗ്ലീഷിൽ ഏകാദിനയത്തിന് പ്രോത്സാഹനം നൽകുന്നു. | ഒക്ടോബർ | ഇംഗ്ലീഷ് അധ്യാപകർ | |
| 2) ഭാവാത്മക വായന പരിശീലിപ്പിക്കുന്നു | **I Too Can !!** വ്യത്യസ്ത തലങ്ങളിലായി വിവിധ വായന കാർഡുകൾ ക്രമീകരിക്കുന്നു. തെറ്റുകൂടാതെ വായിക്കുവാൻ അവസരം നൽകുന്നു. (ലളിതമായതിൽ നിന്നും സങ്കീർണ്ണമായതിലേക്ക്) | ജൂലൈ | ഇംഗ്ലീഷ് അധ്യാപകർ | |
| | **Leaning Ladder** പാഠഭാഗത്തിൽ നിന്നും തിരഞ്ഞെടുത്ത കുറച്ച് വാക്കുകൾ ചാർട്ടിലെഴുതി കണ്ണാടിയിൽ നിന്നും വായിക്കുവാൻ കുട്ടികൾക്ക് അവസരം നൽകുന്നു. മുഴുവൻ വാക്കുകളും ശരിയായി കണ്ടെത്തുന്നവർക്ക് പരിപാടിയായി ഏണിയുടെ ഉയരങ്ങൾ കീഴടക്കാൻ സാധിക്കുകയും ഒളിഞ്ഞിരിക്കുന്ന സമ്മാനം ലഭിക്കുകയും ചെയ്യുന്നു. | സെപ്തംബർ | ഇംഗ്ലീഷ് അധ്യാപകർ | |
| | **F.M. Corner** വ്യത്യസ്തമായ കഥകൾ **Reader's Theatre** റേഡിയോ ഡ്രാമ രൂപത്തിൽ അവതരിപ്പിക്കുവാനുള്ള അവസരം നൽകുന്നു. | ടേമിൽ ഒരു തവണ | ഇംഗ്ലീഷ് അധ്യാപകർ | |
| | **Reader of the Month** ഇംഗ്ലീഷ് ദിനപത്രം വായിക്കുവാൻ അവസരം നൽകി. **Reader of the Month** നെ ആദരിക്കുന്നു. | മാസം തോറും | ഇംഗ്ലീഷ് അധ്യാപകർ | |

## മേഖല യു.പി. ഇംഗ്ലീഷ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 3) തെറ്റ് കൂടാതെ ഇംഗ്ലീഷ് എഴുതാൻ പ്രാപ്തരാക്കുന്നു. | **My Droplets** കുട്ടികളുടെ കലാസൃഷ്ടി ഉൾപ്പെടുത്തി ക്ലാസ് മാഗസിൻ മിനി ഡിക്ഷണറി എന്നിവ തയ്യാറാക്കുന്നു. | വർഷാവസാനം | ഇംഗ്ലീഷ് അധ്യാപകൻ | |
| | **Alert Zone** സൂചന ബോർഡുകൾ, പോസ്റ്ററുകൾ, നോട്ടീസുകൾ എന്നിവ സ്കൂൾ അന്തരീക്ഷത്തിലും ക്ലാസ് റൂമുകളിലുമായി പ്രദർശിപ്പിക്കുന്നു. | ദിനാചരണങ്ങളിൽ | ഇംഗ്ലീഷ് അധ്യാപകൻ | |
| | **Run Baby Run** ക്ലാസിനെ ഗ്രൂപ്പുകളാക്കുന്നു. ചാർട്ടിലെഴുതി പ്രദർശിപ്പിച്ച വാക്കുകൾ ഒരുപ്രാവശ്യം വായിച്ചതിനു ശേഷം മറ്റൊരു ചാർട്ടിലേക്ക് തെറ്റുകൂടാതെ എഴുതുന്നു. ഏറ്റവും ആദ്യം വാക്യങ്ങൾ തെറ്റുകൂടാതെ എഴുതിയ ഗ്രൂപ്പിനെ വിജയിയായി പ്രഖ്യാപിക്കുന്നു. | ഫെബ്രുവരി | ഇംഗ്ലീഷ് അധ്യാപകൻ | |
| | **Fun time Funda** കടംകഥകൾ, കുസൃതി ചോദ്യങ്ങൾ, ഫലിതങ്ങൾ എന്നിവ തയ്യാറാക്കി ക്ലാസിൽ അവതരിപ്പിക്കുവാൻ അവസരം നൽകുന്നു. | എല്ലാ ഇംഗ്ലീഷ് പിരീഡും | ഇംഗ്ലീഷ് അധ്യാപകൻ | |

# അക്കാദമിക് മാസ്റ്റർ പ്ലാൻ :- ഹിന്ദി യു.പി

| Sl.No | Programme | Activity | Duration | ഭൗതികം | പിന്തുണ |
|---|---|---|---|---|---|
| 1 | **UP തലത്തിലെ എല്ലാ കുട്ടികൾക്കും അക്ഷരങ്ങളും പദങ്ങളും ആശയങ്ങളും ഉറപ്പിക്കൽ.** | • അക്ഷരം എഴുത്ത്<br>• ചിഹ്നം ഉറപ്പിക്കൽ.<br>• അക്ഷരകാർഡ്,വാക്കുകൾ എഴുതിയ കാർഡ്<br>• class ൽ അക്ഷരമാല പ്രദർശനം.<br>• ഓൺലൈൻ അക്ഷരമാല കളികൾ.<br>• വാക്കുകൾ എഴുതിയ കാർഡുകൾ.<br>• വാക്കുകൾ നിർമ്മാണം<br>• വാക്യങ്ങളുടെ നിർമ്മാണം | JUNE to AUGUST | അക്ഷരചാർട്ട് പാഠപുസ്തകം | BRC<br>DIET<br>SCERT(ആവശ്യമെങ്കിൽ)<br>Resource teachers |
| 2 | **വീട് ഒരു പരീക്ഷണശാല (കാണുന്നതും കേൾക്കുന്നതും ഉപയോഗിക്കുന്നതുമായ വസ്തുക്കളുടെ പേര് ഹിന്ദിയിൽ പഠിക്കുക.)** | • വീട്ടിൽ ഉപയോഗിക്കുന്ന ഗൃഹോപകരണങ്ങൾ ഉൾപ്പെടെയുള്ള വസ്തുക്കളുടെ പട്ടിക ഹിന്ദിയിൽ തയ്യാറാക്കുക.<br>• ICT സഹായത്തിലൂടെ വസ്തുക്കളും വാക്കുകളും പരിശീലിക്കാനുള്ള അവസരം<br>• CWSN കുട്ടികളുടെ പങ്കാളിത്തം<br>• ............... | September to October | ഹിന്ദി നിഘണ്ടു. | PTA,BRC<br>Resource Teacher |

# അക്കാദമിക് മാസ്റ്റർപ്ലാൻ- ഹിന്ദി

| | | | | | |
|---|---|---|---|---|---|
| 3 | **ആശയങ്ങൾ തെറ്റുകൂടാതെ** പ്രകടിപ്പിക്കാനും സർഗാത്മകരചനകൾ വികസിപ്പിക്കാനുമുള്ള അവസരം. **(സുരീലി ഹിന്ദി)** | • ഹിന്ദി അസംബ്ളി<br>• ദിനാചരണങ്ങൾ (പ്രത്യേകിച്ച് സെപ്തംബർ 14, ജനുവരി 10)<br>• അധികവായന സാമഗ്രികൾ<br>• ചിത്രസഹായത്തോടെ ചിത്രകഥ തയ്യാറാക്കൽ<br>• ചിത്രം-കഥ പറയൽ<br>• ചിത്രം-കഥ എഴുതൽ<br>• കഥ ബാക്കിഎഴുതൽ<br>• ഹിന്ദിക്ളബ്ബ് പ്രവർത്തനങ്ങൾ | November to February. | പുസ്തകങ്ങൾ | BRC<br>DIET<br>PTA<br>SCERT |
| | | | | | |

# അക്കാദമിക് മാസ്റ്റർ പ്ലാൻ :- ഗണിതം യു പി

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| അടിസ്ഥാന ഗണിതക്രിയകൾ എല്ലാ പഠിതാക്കൾക്കും ഉറപ്പുവരുത്തുന്നു | ഗണിതശില്പശാല കളിരീതിയിലൂടെ അടിസ്ഥാനക്രിയകൾ ഉറപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നൽകുന്നു.നമ്പർ കാർഡ് മുത്തുകൾ ഇവ ഉപയോഗിക്കുന്നു. | ജൂൺ | ഗണിത അധ്യാപിക | ഗണിതക്ലബ്ബ് |
| ഗണിത മേഖലയിൽ കുട്ടികളുടെ താല്പര്യം വർദ്ധിപ്പിക്കൽ | ഗണിതത്തിൽ പ്രാവീണ്യമുള്ള അധ്യാപകരെകൊണ്ട് പിന്നാക്കം നിൽക്കുന്ന കുട്ടികൾക്ക് താല്പര്യം ഉണ്ടാകുന്ന രീതിയിൽ ക്ലാസ്സുകൾ കൈകാര്യം ചെയ്യുന്നു | വർഷത്തിൽ മൂന്നോ നാലോ തവണ | ഗണിത അധ്യാപിക,ക്ലബ്ബ് ലീഡർ | ഗണിതക്ലബ്ബ് |
| ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യാ സാധ്യതകൾ ഗണിത പഠനത്തിനായി പ്രയോജനപ്പെടുത്തുന്നു | ഐ ടി സാധ്യതകളിലൂടെ ജ്യാമിതീയരൂപങ്ങങ്ങൾ ചതുഷ്ടയകൾ ഇവ പ്രയോജനപ്പെടുത്തി കുട്ടികളിൽ എളുപ്പത്തിൽ എത്തിക്കുന്നു | മാസത്തിൽ ഒരു പ്രാവശ്യം | ഗണിത അധ്യാപിക,ക്ലബ്ബ് ലീഡർ | ഗണിതക്ലബ്ബ് |
| വിവിധ ശേഷികളുടെ വികസനം | ദിനാചരണം- ജൂൺമാസം മുതൽ മാർച്ച് വരെ ദിനാചരണങ്ങളുമായി | ആവശ്യാനുസരണം | SRG | P T A |

| | | | | |
|---|---|---|---|---|
| | ബന്ധപ്പെട്ട് നടത്തേണ്ട പ്രവർത്തനങ്ങൾ രൂപപ്പെടുത്തുന്നു. നിശ്ചിത ദിവസങ്ങളിൽ അവ സംഘടിപ്പിക്കുന്നു. | | | |
| നിർമ്മിതികളിലെ ശേഷി കൈവരിക്കൽ | ഇൻസ്ട്രുമെന്റ് ബോക്സിന്റെ ലഭ്യത | തുടർ പ്രവർത്തനം | ഗണിത അധ്യാപിക | **P T A** |
| ഗണിതത്തിൽ പിന്നാക്കം നിൽക്കുന്ന കുട്ടികളെ മുൻനിരയിൽ എത്തിക്കുന്നു. | ഗണിതത്തിൽ പിന്നാക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി ഗണിത അധ്യാപകരും മുൻനിരയിൽ നിൽക്കുന്ന കുട്ടികളും ചേർന്ന് വേണ്ട മാർഗ്ഗ നിർദ്ദേശങ്ങൾ നൽകുന്നു.പോരായ്മകൾ കണ്ടെത്തി ആവശ്യമായ പ്രവർത്തനങ്ങൾ നൽകുന്നു. | ആഴ്ചയിൽ ഒരു പിരീഡ് | ഗണിത അധ്യാപിക, സമർത്ഥരായ കുട്ടികൾ | **P T A** |
| ഗണിത മത്സരവേദിയിലേക്ക് മേളകളിൽ ഊർജ്ജസ്വലത കൈവരിക്കൽ | ഗണിതക്ലബ്ബിന്റെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തൽ, മത്സരങ്ങൾക്ക് പ്രാപ്തരാക്കൽ | മാസത്തിൽ ഒന്ന് | ഗണിത അധ്യാപിക | **P T A** |

# അക്കാദമിക് മാസ്റ്റർ പ്ലാൻ :- അടിസ്ഥാനശാസ്ത്രം യു.പി

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക ം |
|---|---|---|---|---|
| ജീവിതസാഹചര്യങ്ങളിൽ നിന്നും ചുറ്റുപാടുകളിൽ നിന്നും ശാസ്ത്രത്തെ തിരിച്ചറിയൽ | പച്ചക്കറിത്തോട്ടം,ജൈവവേലി,ശലഭോദ്യാനം എന്നിവ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള ജൈവവൈവിധ്യപാർക്ക് നിർമ്മാണം. | അക്കാദമിക വർഷം | ശാസ്ത്ര അധ്യാപിക | സയൻസ് ക്ലബ്ബ് |
| | കണ്ടറിയാനൊരുയാത്ര- വംശനാശഭീഷണി നേരിടുന്ന സസ്യങ്ങളെ കണ്ടെത്തൽ, കാവുകൾ - സന്ദർശനം, കണ്ടൽ ക്കാട് നിരീക്ഷണം. | ആഗസ്റ്റ് | സയൻസ് ക്ലബ്ബ്, ഹെൽത്ത് ക്ലബ്ബ് | പി.ടി.എ |
| | പരീക്ഷണക്കളരി - നിത്യജീവിതത്തിൽ പരിചിതമായ വസ്തുക്കൾ ഉപയോഗപ്പെടുത്തി രസകരമായ ലഘുപരീക്ഷണങ്ങളിലൂടെ ശാസ്ത്രക്ലാസുകൾ ആരംഭിക്കുന്നു. പരീക്ഷണക്കിറ്റുകൾ നിർമ്മിക്കുന്നു. | ജൂൺമുതൽ | ശാസ്ത്ര അധ്യാപിക | സയൻസ് ക്ലബ്ബ് |

| | | | | |
|---|---|---|---|---|
| ശാസ്ത്രപ്രക്രിയ ശേഷി വികസിപ്പിക്കുക<br><br>ആധുനിക ശാസ്ത്രോപകരണങ്ങൾ കൈകാര്യം ചെയ്യാനുള്ള കഴിവ് വർദ്ധിപ്പിക്കുക | ശാസ്ത്രലോകത്തിന്റെ വിവിധ കണ്ടെത്തലുകൾ അടങ്ങിയ പരീക്ഷണങ്ങൾ ഉൾപ്പെടുത്തി സ്കൂൾതല ശാസ്ത്രോത്സവം സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം | ശാസ്ത്ര അധ്യാപിക | ശാസ്ത്രക്ലബ്ബ് |
| ശാസ്ത്രരംഗത്തെ നൂതന ആശയങ്ങൾ.<br><br>ആധുനിക ശാസ്ത്രസാങ്കേതിക വിദ്യയുടെ സാധ്യതകളുമ ായി . ബന്ധപ്പെടുത്തി ശാസ്ത്ര പഠനത്തിനാ | ഐ.സി.ടി - യുടെ സഹായത്തോടെ ശാസ്ത്രവിസ്മയങ്ങൾ കുട്ടികളിലേക്ക് എത്തിക്കുന്നു.പുതിയ കണ്ടെത്തലുകൾ, ശാസ്ത്രസത്യങ്ങൾ, ശാസ്ത്രജ്ഞരുടെ ജീവചരിത്രങ്ങൾ പാഠഭാഗവുമായി ബന്ധപ്പെട്ട കൂടുതൽ അറിവുകൾ എന്നിവയുടെ വീഡിയോ പ്രദർശനം. | അക്കാദമിക വർഷം | ശാസ്ത്ര അധ്യാപിക | ശാസ്ത്രക്ലബ്ബ് |

| | | | | |
|---|---|---|---|---|
| യി പ്രയോജനപ്പെടുത്തുക. | | | | |
| പ്രതിഭാശാലികളായ വിദ്യാർത്ഥികളിൽ ഗവേഷണാത്മകത വർദ്ധിപ്പിക്കുക. | അടൽ- ടിങ്കറിംഗ് ലാബ് പ്രയോജനപ്പെടുത്തി പ്രതിഭാശാലികൾക്ക് ഗവേഷണത്തിന് വഴിയൊരുക്കുന്നു. | അക്കാദമിക വർഷം | ശാസ്ത്ര അധ്യാപിക | പി.ടി.എ |

# മേഖല യു.പി. സാമൂഹ്യശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1) സാമൂഹ്യ ശാസ്ത്ര ത്തിന്റെ അടിസ്ഥാനതല അറിവുകൾ, ആശയങ്ങൾ ഇവ പരിശോധിക്കൽ നേടിയെടുക്കൽ. | **അങ്കത്തട്ട്- കളിയിൽ നിന്ന് കാര്യത്തിലേക്ക്**<br>സാമൂഹ്യ ശാസ്ത്രവുമായി ബന്ധപ്പെട്ട് പഠിതാവിന്റെ അടി സ്ഥാനതല അറിവ് പരീക്ഷിക്കുന്നതിന് പ്രഹേളികകൾ ഓരോ പഠിതാവിനും നൽകുന്നു. | അക്കാദമിക വർഷാരംഭം (ജൂൺ) | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |
| | **ഓർമ്മച്ചെപ്പ്**<br>അന്തർദേശീയ തലം മുതൽ ജില്ലാതലം വരെയുള്ള നദികൾ, ഭൂപ്രകൃതി, തലസ്ഥാനങ്ങൾ, വൈവിധ്യങ്ങൾ തുടങ്ങിയ അടിസ്ഥാന വിവരങ്ങൾ ആസ്പദമാക്കി ICT സാധ്യകളുപയോഗിച്ച് Memory test നടത്തുന്നു | അക്കാദമിക വർഷാരംഭം (ജൂൺ) | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |
| 2) പഠിതാക്കളെ ചരിത്രാ വബോധം ഉള്ളവരാക്കി മാറ്റിയെടുക്കുക. | **Virtual Field Trip**<br>ICT സാധ്യകളുപയോഗിച്ച് ലോകത്തിലെ ചരിത്ര പ്രാധാന്യ മുള്ള സ്ഥലങ്ങളുടെ വീഡിയോ പ്രദർശിപ്പിച്ച് കുട്ടികളിൽ ചരിത്രാവബോധം വളർത്തുന്നു. | അക്കാദമിക വർഷാരംഭം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |
| 3) ജനാധിപത്യപരമായ ജീവിത സമീപനം രൂപ പ്പെടുത്തുക. | **വിദ്യാലയത്തിൽ നിന്ന് അരങ്ങത്തേക്ക്**<br>ഗ്രാമസഭ, വാർഡ് സഭ എന്നിവയിൽ മാതാപിതാക്കളോ ടൊപ്പം പങ്കെടുത്ത് ജനാധിപത്യ രീതിയുടെ അടിസ്ഥാന തലം മനസിലാക്കുന്നു. | അക്കാദമിക വർഷാരംഭം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |

| | | | | |
|---|---|---|---|---|
| 4 സുസ്ഥിര വികസന കാഴ്ചപ്പാട് രൂപപ്പെടുത്തുന്നു. | **കാടെവിടെ മക്കളെ ? (ഫീൽഡ് ട്രിപ്പ്, സർവ്വേ)** പരിസ്ഥിതി ചർച്ചയ്ക്ക് കാരണമാകുന്ന മനുഷ്യന്റെ ഇടപെടലുകൾക്ക് വിധേയമായ കാവുകൾ, കണ്ടൽക്കാടുകൾ, തണ്ണീർ തടങ്ങൾ, ജലാശയങ്ങൾ, കാടുകൾ എന്നിവ സന്ദർശിച്ച് സർവ്വേ നടത്തി റിപ്പോർട്ട് തയ്യാറാക്കുന്നു. | അക്കാദമിക വർഷം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | സാമൂഹ്യ ശാസ്ത്ര ക്ലബ്ബ് |
| 5 സാമൂഹ്യ ശാസ്ത്ര വിഷയത്തിലൂടെ പഠിതാക്കളെ അന്തർദേശിയ നിലവാരത്തിലേക്ക് എത്തിക്കുന്നു. | **പുതുചക്രവാളത്തിലേക്ക്** സിവിൽ സർവ്വീസ് പരീക്ഷകളെഴുതാൻ പ്രാപ്തി നേടും വിധം അറിവിന്റെ മാസ്മരികലോകം സൃഷ്ടിക്കുന്ന, മത്സരബുദ്ധിയോടെ പൊതുവിജ്ഞാനം വളർത്താൻ സഹായിക്കുന്ന ഉത്തരങ്ങൾ നിമിഷനേരം കൊണ്ടെന്ന രീതിയിലുള്ള ചോദ്യോത്തരവേളകൾ ക്ലാസുകൾ എന്നിവ സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |

## മേഖല – ഹൈസ്കൂൾ – മലയാളം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ഭൗതികം | ചുമതല |
|---|---|---|---|---|
| 1) ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | 1. പ്രീ ടെസ്റ്റ്<br>2. അക്ഷരം ഉറപ്പിക്കൽ<br>3. അടയാളം ഉറപ്പിക്കൽ<br>4. അക്ഷര കാർഡ് നൽകൽ<br>5. വാക്കുകൾ എഴുതിയ കാർഡ്<br>6. വാക്കുകൾ നിർമ്മിക്കുക<br>7. വാക്യങ്ങൾ നിർമ്മിക്കൽ<br>8. ചിത്രം-അടിക്കുറിപ്പ്<br>9. ചിത്രം-കഥ എഴുതൽ<br>10. ഭാഷാപരമായി പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേക ക്ലാസ് | 2 മാസം, (ആഗസ്ത്, സെപ്തംബർ) | പുസ്തകങ്ങൾ, ചിത്രങ്ങൾ | പി.ടി.എ, അധ്യാപകർ |
| 2) കുട്ടിയെ മികച്ച വായനക്കാരനാക്കുക. | 1. ക്ലാസ് വായനക്കൂട്ടം രൂപീകരിക്കൽ<br>2. സ്കൂൾ ലൈബ്രറി നവീകരിക്കൽ<br>3. സമീപ ഗ്രന്ഥശാല അംഗത്വം<br>4. വായനോത്സവം സംഘടിപ്പിക്കൽ<br>5. പത്രവായന<br>6. പുസ്തക ചർച്ച<br>7. വായനാനുഭവം<br>8. വായനാക്കുറിപ്പ് പതിപ്പ്<br>9. വിദ്യാരംഗം കലാസാഹിത്യവേദി പ്രവർത്തനം<br>10. ദിനാചരണം<br>11. സാഹിത്യകാരന്മാരുമായുള്ള അഭിമുഖം<br>12. ആനുകാലിക പ്രസിദ്ധീകരണങ്ങളും വായനയും.<br>13. ആസ്വാദകരമായ വായന<br>14. ഇ-വായന | 6 മാസം | ക്ലാസ് ലൈബ്രറി, സ്കൂൾ ലൈബ്രറി, പത്രങ്ങൾ, ആനുകാലിക പ്രസിദ്ധീകരണങ്ങൾ, ഇന്റർനെറ്റ്, കമ്പ്യൂട്ടർ | പി.ടി.എ, അധ്യാപകർ |

| മേഖല – ഹൈസ്കൂൾ – മലയാളം | | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ഭൗതികം | ചുമതല |
| 3) കുട്ടിയെ മികച്ച എഴുത്തുകാരനാക്കുക | 1. എഴുത്തുകൂട്ടം രൂപീകരണം<br>2. പുസ്തക ചർച്ച<br>3. വായനക്കുറിപ്പ്, പതിപ്പ്<br>4. വിവിധ സാഹിത്യശാഖകൾ പരിചയപ്പെടൽ<br>5. ചുമർ പത്രിക, പതിപ്പ് തയ്യാറാക്കൽ<br>6. സർഗസൃഷ്ടികളുടെ പുസ്തകം തയ്യാറാക്കൽ<br>7. വ്യക്തിഗത രചന, സംഘ രചന<br>8. ഭാഷ പ്രോജക്ട്<br>9. സാഹിത്യകാരന്മാരുമായുള്ള അഭിമുഖം, സംവാദം<br>10. സാഹിത്യ-സാംസ്കാരിക ചിത്ര ഗ്യാലറി | 6 മാസം | ലൈബ്രറി, പുസ്തകങ്ങൾ, ഫോട്ടോകൾ, പുസ്തകങ്ങൾ | പി.ടി.എ, അധ്യാപകർ |
| 4) സദസ്സിനെ അഭിമുഖീകരിക്കാൻ പ്രാപ്തരാക്കുക | 1. പ്രസംഗ പരിശീലന കളരി<br>2. വിവിധ വിഷയങ്ങൾ നൽകി പ്രസംഗം തയ്യാറാക്കുക<br>3. മികച്ച പ്രസംഗങ്ങളുടെ ഓഡിയോ, വീഡിയോ എന്നിവ കേൾപ്പിക്കുന്നു.<br>4. പ്രസംഗം അവതരിപ്പിക്കുന്നതിനുള്ള വേദികൾ സജ്ജമാക്കുക. | 6 മാസം, (ജൂലൈ-ഡിസംബർ) | ഓഡിയോ, വീഡിയോ | ട്രെയിനർ, അധ്യാപകർ |

# ACADEMIC MASTER PLAN – ENGLISH H.S

| ലക്ഷ്യം | പ്രവർത്തനങ്ങൾ |
|---|---|
| 1) ഇംഗ്ലീഷിൽ ആത്മവിശ്വാസത്തോടെ ആശയ വിനിമയം നടത്താൻ പ്രാപ്തരാക്കുക. | Spoken English Class<br>English Library നവീകരണം.<br>English Corner Story Time<br>English Cartoon പ്രദർശനം<br>English Assembly |
| 2) ഇംഗ്ലീഷിലുള്ള ആവിഷ്ക്കാരങ്ങൾക്ക് അവസരം ഒരുക്കുക | Cinema & Documentary- Profile & Script തയ്യാറുക്കുന്നതിനുവേണ്ടി English Cinema യുടെ ചിലരംഗങ്ങൾ പ്രദർശിപ്പിക്കുന്നു.<br><br>Role play, English Day ആചരണം, Seminar ചർച്ചകൾ, പ്രശസ്തരായ ഇംഗ്ലീഷ് കവികളുടെ കവിതകൾ തിരഞ്ഞെടുത്ത് കോറിയോഗ്രാഫി തയ്യാറാക്കി ക്ലബ്ബ് അടിസ്ഥാനത്തിൽ ദൃശ്യാവിഷ്കാരം നടത്തുന്നു. |
| 3) സ്വതന്ത്ര വായനയ്ക്ക് സജ്ജരാക്കുക സ്വതന്ത്രമായ എഴുത്തിന് സജ്ജരാക്കുക | School English Voice, അക്ഷര കാർഡ്, പദകാർഡ്, വാക്യനിർമ്മാണത്തിനുള്ള കാർഡുകൾ<br><br>ചിത്രവായന, ലഘുകഥ നിർമ്മാണം, Public Speaking, Simply Games, English പത്രവായന, പദസമ്പാദനം, പത്രവാർത്തകൾ തയ്യാറാക്കൽ, എന്റെ ഡയറി, അസംബ്ലി ന്യൂസ് വായിക്കൽ, News reading competitions |
| 4) നാടകീകരണം | English Assembly, Skit, Puppet Show, English Lab<br><br>പാഠഭാഗങ്ങളിൽ നിന്ന് രംഗങ്ങൾ കണ്ടെത്തി Puppet Show, Skit, കഥാപ്രസംഗം എന്നീ തന്ത്രങ്ങളിലൂടെ അവതരിപ്പിക്കുന്നു. |

മേഖല : അക്കാദമികം ഉപമേഖല : ഹിന്ദി ഭാഷ ക്ലാസ് തലം

| നമ്പർ | പ്രവർത്തനങ്ങൾ | കാലദൈർഘ്യം | ക്ലാസ്സ് | ചുമതല | ലക്ഷ്യം |
|---|---|---|---|---|---|
| 1 | കുട്ടിയുടെ നിലവാരം കണ്ടെത്താൻ പ്രീ ടെസ്റ്റ് നടത്തുന്നു. | ജൂൺ ആദ്യ വാരം | 8 | ഹിന്ദി അധ്യാപകർ | എല്ലാ കുട്ടികൾക്കും ഹിന്ദി ഭാഷ സുഗമമായി വായിക്കാനും എഴുതാനും സംസാരിക്കാനും ആശയവിനിമയം നടത്താനുമുള്ള ശേഷി വർധിപ്പിക്കൽ. CWSN,,SLOW LEARNERS കുട്ടികൾക്ക് വേണ്ട അധിക പിന്തുണ ഉറപ്പാക്കൽ |
| 2 | കുട്ടികൾക്ക് പുത്തൻ ഉണർവ് നൽകാവുന്ന , ഭാഷാപോഷിണി പ്രവർത്തനങ്ങൾ . പരിമിതികൾ പരിഹരിക്കുന്നതിനുള്ള പ്രവർത്തന പാക്കേജ് തയ്യാറാക്കുന്നു.CWSN,SLOW LEARNER കുട്ടികളെ വിലയിരുത്തി അവരുടെ കഴിവിനെയും മാനസികാവസ്ഥയും കണക്കിലെടുത്തുകൊണ്ട് നടത്താവുന്ന പ്രവർത്തനപാക്കേജ്. | ജൂൺ രണ്ടാം വാരം | 8,9, 10 | ഹിന്ദി അധ്യാപകർ, മറ്റു ഭാഷാധ്യാപകർ | |
| 3 | ഓരോ ക്ലാസ്സിലും ദിവസവും ഹിന്ദി വായിപ്പിക്കുക, ദൈനംദിന വാക്കുകൾ ഹിന്ദിയിൽ പരിശീലിപ്പിക്കുക., ഹിന്ദിയിൽ എണ്ണം,ആഴ്ച,മാസം , എന്നിവയുടെ ദൈനംദിന അവതരണം | പ്രതിദിനം | 8,9 | ഹിന്ദി അധ്യാപകർ | |
| 4 | CWSN,SLOW LEARNERS കുട്ടികൾക്കായി പ്രത്യേകം പസിലുകൾ, ഐസിടി മുഖാന്തിരം പലവർണ്ണങ്ങളിൽ ആകർഷകമായി അക്ഷരമാല അവതരണം | ആഴ്ചയിൽ ഒരു പ്രാവശ്യം | 8,9, 10 | ഹിന്ദി അധ്യാപകർ | |

| | | | | | |
|---|---|---|---|---|---|
| | | | | | |
| 5 | ഹിന്ദിയിലുള്ള ഡയറിക്കുറിപ്പുകൾ, ജീവനികൾ, ആത്മകഥകൾ, കവിതകൾ, കഥകൾ എന്നിവ വായിപ്പിക്കുക. | ആഴ്ചയിൽ ഒരു പ്രാവശ്യ ം | 58, 9,10 | ഹിന്ദി അധ്യാപകർ | |
| 6 | ഹിന്ദിയിൽ ചെറിയ പ്രസംഗങ്ങൾ പരിശീലിപ്പിക്കുക, ഹിന്ദി അസംബ്ലി നടത്തുക. | ദിനാചരണവുമായി ബന്ധപ്പെട്ട് | 9,10 | ഹിന്ദി അധ്യാപകർ | |
| 7 | കുട്ടികളെക്കൊണ്ട് ഹിന്ദി പത്രിക തയ്യാറാക്കുക. | ജനുവരി | 9,8 | ഹിന്ദി അധ്യാപകർ | |
| 8 | പാഠഭാഗവുമായി ബന്ധപ്പെട്ട ഓഡിയോ കേൾപ്പിക്കുക, ഹിന്ദിയിൽ സംസാരിക്കാൻ പ്രോത്സാഹിപ്പിക്കുക. | പ്രതിദിന ം | 8,9 | ഹിന്ദി അധ്യാപകർ | |
| 9 | ഹിന്ദി അന്തരീക്ഷവുമായി ബന്ധപ്പെടാനുള്ള അവസരം<br>സിനിമ കാണാനുള്ള അവസരം<br>• വാർത്തകൾ കാണാനുള്ള അവസരം | 6 മാസം | 9,10 | ഹിന്ദി അധ്യാപകർ , ക്ലാസ്സ് അധ്യാപകർ, മറ്റു അധ്യാപകർ | |
| 10 | • കുട്ടികൾക്ക് മാനസികോല്ലാസം നിലനിർത്തികൊണ്ട് AI ഉപയോഗിച്ച് ഭാഷയെ ഉൾക്കൊള്ളാനും ഭാഷാപഠനം എളുപ്പത്തിലാക്കാനും ഉള്ള പ്രവർത്തനപാക്കേജുകൾ | 6 മാസം | 8,9, 10 | ഹിന്ദി അധ്യാപകർ , ക്ലാസ്സ് അധ്യാപകർ, മറ്റു അധ്യാപകർ | |

അക്കാദമിക മാസ്റ്റർപ്ലാൻ : ഹൈസ്കൂൾ തലം ( ഫിസിക്കൽ സയൻസ് ) - ഫിസിക്സ്

| ക്രമനമ്പർ | ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| 1 | ശാസ്ത്രലോകത്തേക്ക് | ലഘു പരീക്ഷണങ്ങൾ സഹപാഠികൾക്കു മുന്നിൽ കുട്ടികൾ തന്നെ കാണിച്ചു കൊടുക്കാനുള്ള അവസരം നൽകുന്നു.* | അക്കാദമിക വർഷം | ശാസ്ത്ര അധ്യാപകൻ | സയൻസ് ക്ലബ്ബ്. |
| 2 | അത്ഭുത കാഴ്ചകളിലൂടെ | വർഷത്തിൽ ഒരു പ്രാവശ്യം കുട്ടികൾ നിർമ്മിച്ച വസ്തുക്കൾ പ്രദർശിപ്പിക്കാൻ അവസരം നൽകുന്നു. | അക്കാദമിക വർഷം | ശാസ്ത്ര അധ്യാപകൻ | സയൻസ് ക്ലബ്ബ്. |
| 3 | വൈജ്ഞാനിക ബഹിർസ്പുരണം | പുതുപുത്തൻ സാങ്കേതിക വിദ്യയും പുത്തൻ കണ്ടെത്തലുകളും പരിചയപ്പെടുന്നു. | അക്കാദമിക വർഷം | ശാസ്ത്ര അധ്യാപകൻ | സയൻസ് ക്ലബ്ബ്. |
| 4 | | സംസ്ഥാന, ദേശീയ തലത്തിലുള്ള ക്വിസ് , സെമിനാർ, പ്രോജക്ട് (ഉദാ: Young Innovation Programme , Inspire Award, School innovation Marathon എന്നിവയിൽ പങ്കെടുക്കുന്നു. | അക്കാദമിക വർഷം | ശാസ്ത്ര അധ്യാപകൻ | സയൻസ് ക്ലബ്ബ്. |
| 4 | | | | | |

| അക്കാദമിക മാസ്റ്റർപ്ലാൻ : ഹൈസ്കൂൾ തലം ( ഫിസിക്കൽ സയൻസ് ) - കെമിസ്ട്രി | | | | | |
|---|---|---|---|---|---|
| ക്രമനമ്പർ | ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| 1 | ശാസ്ത്രലോകത്തേക്ക് | ലഘു പരീക്ഷണങ്ങൾ സഹപാഠികൾക്കു മുന്നിൽ കുട്ടികൾ തന്നെ കാണിച്ചു കൊടുക്കാനുള്ള അവസരം നൽകുന്നു.* | അക്കാദമിക വർഷം | ശാസ്ത്ര അധ്യാപകൻ | സയൻസ് ക്ലബ്ബ്. |
| 2 | അത്ഭുത കാഴ്ചകളിലൂടെ | വർഷത്തിൽ ഒരു പ്രാവശ്യം കുട്ടികൾ നിർമ്മിച്ച വസ്തുക്കൾ പ്രദർശിപ്പിക്കാൻ അവസരം നൽകുന്നു. | അക്കാദമിക വർഷം | ശാസ്ത്ര അധ്യാപകൻ | സയൻസ് ക്ലബ്ബ്. |
| 3 | വൈജ്ഞാനിക ബഹിർസ്പുരണം | പുതുപുത്തൻ സാങ്കേതിക വിദ്യയും പുത്തൻ കണ്ടെത്തലുകളും പരിചയപ്പെടുന്നു. | അക്കാദമിക വർഷം | ശാസ്ത്ര അധ്യാപകൻ | സയൻസ് ക്ലബ്ബ്. |
| 4 | | സംസ്ഥാന, ദേശീയ തലത്തിലുള്ള ക്വിസ് , സെമിനാർ, പ്രോജക്ട് (ഉദാ: Young Innovation Programme , Inspire Award, School innovation Marathon എന്നിവയിൽ പങ്കെടുക്കുന്നു. | അക്കാദമിക വർഷം | ശാസ്ത്ര അധ്യാപകൻ | സയൻസ് ക്ലബ്ബ്. |
| 4 | | | | | |

| മേഖല -ഹൈസ്കൂൾ ജീവശാസ്ത്രം | | | | | |
|---|---|---|---|---|---|
| | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| 1. | പരിസ്ഥിതി ബോധവത്കരണം | പരിസ്ഥിതി ദിനത്തിൽ മരം നട്ടു പിടിപ്പിക്കൽ പോസ്റ്റർ നിർമ്മിക്കൽ | ജൂൺ | ഇക്കോ ക്ലബ്ബ് | പി. ടി. എ, സയൻസ് ക്ലബ് |
| 2. | ലാബ് ഉപയോഗ നൈപുണ്യങ്ങൾ | ലാബ് സുരക്ഷ പരിശീലനം, മൈക്രോസ്കോപ്പ് പരിചയം | ജൂൺ | ബയോളജി വിഭാഗം | സയൻസ് ക്ലബ്ബ് |
| 3. | ജൈവവൈവിദ്യം പരിചയപ്പെടുത്താൽ | സ്കൂൾ പരിസരത്തെ സസ്യ ജന്തുജാലങ്ങളുടെ പട്ടിക തയ്യാറാക്കൽ | ജൂലൈ | സയൻസ് ക്ലബ്ബ് | സയൻസ് ക്ലബ്ബ് |
| 4. | അറിവ് മികവ് പരീക്ഷിക്കൽ | സ്കൂൾതല ബയോളജി പോസ്റ്റർ നിർമാണം മോഡൽ നിർമാണം | സെപ്റ്റംബർ | സയൻസ് ക്ലബ്ബ് | പി. ടി. എ |
| 5. | കരിയർ ബോധവൽക്കരണം | ജീവശാസ്ത്രത്തിൽ ജോലി അവസരങ്ങൾ പ്രഭാഷണം | ഒക്ടോബർ | സയൻസ് ക്ലബ്ബ് | പി. ടി. എ |
| 6. | പാഠഭാഗ പുനരാവർത്തനം | പീർ ലേണിംഗ് ഗ്രൂപ്പ് റിവിഷൻ ക്ലാസുകൾ | നവംബർ - ഡിസംബർ | സയൻസ് ക്ലബ്ബ് | അധ്യാപക ഫണ്ട് |
| 7. | ശാസ്ത്ര പഠനത്തിന് നൂതന സാങ്കേതിക സംവിധാനങ്ങൾ | പാഠ ഭാഗവുമായി ബന്ധപ്പെട്ട ചിത്രങ്ങൾ വീഡിയോ ആനിമേഷൻ എന്നിവ ശേഖരിച്ച സ്കൂളിലെ സ്മാർട്ട് സംവിധാനങ്ങൾ ഉപയോഗിച്ച് പാഠ അവതരണത്തിനും ആശയം വിനിമയത്തിനും ഉപയോഗിക്കുന്നു | അക്കാദമിക വർഷം | സയൻസ് ക്ലബ്ബ് | അധ്യാപക ഫണ്ട് |

## മേഖല – ഹൈസ്കൂൾ – സാമൂഹ്യശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1) പഠിതാക്കളെ ചരിത്രാവബോധം ഉള്ളവരാക്കുക. ചരിത്രബോധത്തിൽ നിന്നും ഭാവി രൂപപ്പെടുത്തുക. | **കാടും മേടും:** ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങളിലേക്ക് ഫീൽഡ് ട്രിപ്പുകൾ സംഘടിപ്പിക്കുന്നു.<br>**വയൽ കിളികൾ:** സാമൂഹ്യശാസ്ത്രത്തിൽ അടിസ്ഥാനപരമായ അറിവുകൾ ഇല്ലാത്ത പഠിതാക്കളെ കേന്ദ്രീകരിച്ച് പ്രത്യേക മൊഡ്യൂളുകൾ തയ്യാറാക്കി പ്രത്യേക പഠന ട്രിപ്പുകൾ സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം മുഴുവനുമായി നടത്തുന്നു. നിശ്ചയിച്ച തീയ്യതികളിൽ | സാമൂഹ്യശാസ്ത്ര അധ്യാപകർ | |
| 2) ജനാധിപത്യം ഒരു ജീവിത ശൈലിയാക്കി മാറ്റി എടുക്കുക. പൗരബോധം, മൂല്യബോധം ഇവ വളർത്തുക. | **ഒന്നായി നമ്മൾ:** സ്കൂൾ പാർലമെന്റ്, മോക്ക് പാർലമെന്റ്, പൗരബോധം സാമൂഹ്യസേവനം ഇവയ്ക്കായുള്ള പ്രവർത്തനങ്ങൾ നടത്തുന്നു. | അക്കാദമിക വർഷത്തിലെ പ്രത്യേകം തിരഞ്ഞെടുത്ത ദിനങ്ങളിൽ | സാമൂഹ്യശാസ്ത്ര അധ്യാപകർ | സ്കൂൾ, കുട്ടികൾ, സുമനസുകൾ |
| 2) സാമൂഹ്യശാസ്ത്രത്തിൽ പരീക്ഷണ നിരീക്ഷണം വളർത്തുക. | **സ്റ്റാർട്ട് അപ്പ്:** സാമൂഹ്യശാസ്ത്ര ലാബുകൾ ക്രമീകരിക്കുന്നു. ആകാശ കാഴ്ചകൾ, കൗതുകം എന്നിവ ഉണർത്തുന്ന പ്രവർത്തനങ്ങൾ കാഴ്ച്ച വെക്കുന്നു. | വർഷം മുഴുവനും | സാമൂഹ്യശാസ്ത്ര അധ്യാപകർ | പി.ടി.എ, മാനേജ്മെന്റ് |
| 3) മതേതരത്വം, സഹിഷ്ണുത എന്നിവ വളർത്തി ക്രിയാത്മക പ്രവർത്തനത്തിലൂടെ വളരുക. സാമൂഹ്യ പരിഷ്ക്കർത്താക്കളെ പരിചയപ്പെടുക. | **ചരിത്രം ഉറങ്ങുന്ന മണ്ണിലൂടെ:** സർവ്വേ, പ്രൊജക്ട്, ചർച്ചകൾ, സംവാദം, ക്ലാസുകൾ, അഭിമുഖങ്ങൾ എന്നിവയിലൂടെ കുട്ടികളെ വളർത്തുന്ന പ്രവർത്തനങ്ങൾ നടത്തുന്നു. | അക്കാദമിക വർഷം | സാമൂഹ്യശാസ്ത്ര അധ്യാപകർ | സാമൂഹ്യശാസ്ത്ര ക്ലബ്ബ് |
| 3) ഭൂപട വായന കുട്ടികളിൽ വളർത്തുക, സ്ഥലനിർണ്ണയം നടത്തുവാൻ പഠിക്കുക എന്ന ലക്ഷ്യം, കൈവരിക്കുക. | **പട്ടുപാതയിലൂടെ:** ഭൂമിശാസ്ത്ര പരമായ കാര്യങ്ങൾ കുട്ടികളെ പഠിക്കാൻ സഹായിക്കുന്നു; ഭൂപട വായന പ്രോത്സാഹിപ്പിക്കുന്ന കൂടുതൽ പ്രവർത്തനങ്ങൾ കാഴ്ച വെക്കുന്നു. അറ്റ്ലസ്, മാപ്പുകൾ, ഗ്ലോബ് എന്നിവ പരിചിതമാക്കുന്നു. | വർഷം മുഴുവനും | സാമൂഹ്യശാസ്ത്ര അധ്യാപകർ | |
| 4) കുട്ടികളിൽ ഉന്നത നിലവാരം കൈവരിക്കാൻ ഉതകുന്ന പൊതുവിജ്ഞാനം വളർത്തുക. | **മൈ സിനിമ റൂം:** സാമൂഹ്യശാസ്ത്രവുമായി ബന്ധപ്പെട്ട പൊതുവിജ്ഞാന മേഖല പരിപോഷിപ്പിക്കുന്ന ക്വിസുകൾ, ദിനാചരണങ്ങൾ, പ്രശ്നോത്തരി, സംവാദം എന്നിവയെക്കുറിച്ച് കൂടുതൽ വ്യക്തമായ ധാരണ നൽകുക, വീഡിയോ പ്രദർശനം, പ്രൊജക്ട് റൂം etc സിനിമ (ചരിത്ര സിനിമ പ്രദർശനം) | അക്കാദമിക വർഷം മുഴുവനും | സാമൂഹ്യശാസ്ത്ര അധ്യാപകർ | |
| 5) വ്യത്യസ്ത ഇനം മണ്ണിനെക്കുറിച്ചും, ജലാശയങ്ങളെക്കുറിച്ചും, കാറ്റുകൾ, സമുദ്രങ്ങൾ, പർവ്വതങ്ങൾ ഇവയെല്ലാം പരിചയപ്പെടുക എന്ന ലക്ഷ്യം. | **ചരിത്ര കൊട്ടാരം:** വിവിധ മേഖലകളെക്കുറിച്ച് കുട്ടികളിൽ അവബോധം സൃഷ്ടിക്കുന്ന ചരിത്ര ലാബുകളുടെ ക്രമീകരണം. കണ്ടും കേട്ടും, തൊട്ടറിഞ്ഞും പഠനം ഹരമാക്കി മാറ്റുന്നു. | അക്കാദമിക വർഷം മുഴുവനും | സാമൂഹ്യശാസ്ത്ര അധ്യാപകർ | |

# അക്കാദമിക് മാസ്റ്റർ പ്ലാൻ : -ഗണിതം (ഹൈസ്കൂൾ)

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| പഠന വിടവ് നികത്താനും ഗണിതാശയംഉറപ്പിക്കാനും ഗണിതപഠനം ലളിതമാക്കാനും | ഗണിതത്തോടുള്ള ഭയം ഇല്ലാതാക്കാൻ ,ഗണിതാശയങ്ങൾ ലളിതമായി കുട്ടികളിലേക്ക് എത്തിക്കുന്നതിന്, ഗണിതത്തിൽ മുന്നോക്കം നിൽക്കുന്ന കുട്ടികളും ഗണിതഅധ്യാപകരും ഒഴിവുസമയങ്ങളിൽ സംഘടിക്കുന്നു | ആവശ്യാനുസരണം | ഗണിത അധ്യാപകർ ക്ലബ്ബ് അംഗങ്ങൾ | 1000 രൂപ |
| ഗണിത ശില്പശാല<br><br>രസകരമായ ഗണിത ശാസ്ത്രപഠനവും കരചലന ശേഷി വികാസവും | ഗണിതശേഷി കൈവരിക്കുന്നതിനുള്ള ശാസ്ത്രപഠന പരിശീലനം നൽകൽ , വിവിധ രൂപങ്ങൾ നിർമിക്കൽ, അവയുടെ ഗണിതസവിശേഷതകൾ പട്ടികപ്പെടുത്തൽ , പ്രദർശിപ്പിക്കൽ | വർഷത്തിൽ ഒരു പ്രാവശ്യം | ഗണിതക്ലബ് | 1000 രൂപ |
| ഗണിതം മധുരമാക്കൽ | മത്സരങ്ങൾക്ക് പ്രാപ്തരാക്കൽ , നിത്യജീവിതവുമായി ബന്ധപ്പെട്ട ഗണിതാശയങ്ങളുടെ പ്രാധാന്യം ബോധ്യപ്പെടുത്തൽ | ആവശ്യാനുരണം | എസ്.ആർ.ജി. ഗണിതക്ലബ്ബ് | SRG |
| ഗണിതമൂല<br><br>ഗണിതത്തെ ആഴത്തിലറിയാൻ | വ്യത്യസ്തമായ ഗണിതാശയങ്ങൾ, വിവിധ ഗണിതശാസ്ത്രജ്ഞൻമാർ അവരുടെ ഗണിതശാസ്ത്ര സംഭാവനകൾ , പത്രത്തിലെ ഗണിത കുറിപ്പുകൾ തുടങ്ങിയവ പ്രദർശിപ്പിക്കൽ | വർഷത്തിൽ ഒരു പ്രാവശ്യം | എസ്.ആർ.ജി. അധ്യാപകർ പി ടി എ | SRG |
| ദിനാചരണങ്ങൾ<br><br>വിവിധശേഷികളുടെ വികസനം | ജൂൺ മുതൽ മാർച്ച് വരെ ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് നടത്തേണ്ട പ്രവർത്തനങ്ങൾ എസ് ആർ ജി യിൽ രൂപപ്പെടുത്തുന്നു .നിശ്ചിത ദിവസങ്ങളിൽ സംഘടിപ്പിക്കുന്നു | വർഷം മുഴുവനും | എസ്.ആർ.ജി. | SRG |

# അക്കാദമിക് മാസ്റ്റർ പ്ലാൻ

**മേഖല – അക്കാദമികം** **HS** **ഉപമേഖല: സംസ്കൃതം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | പഠനോപ-കരണങ്ങൾ | സാമ്പത്തികം |
|---|---|---|---|---|
| • എല്ലാ കുട്ടികൾക്കും ഭാഷ ഫലപ്രദമായി വായിക്കാനും എഴുതാനും സംസാരിക്കാനുമുള്ള ശേഷി വികസിപ്പിക്കൽ.<br>• അക്ഷരങ്ങളും പദങ്ങളും ആശയങ്ങളും ഉറപ്പിക്കുക.<br>• കാണുന്നതും കേൾക്കുന്നതും ഉപയോഗിക്കുന്നതുമായ വസ്തുക്കളുടെ പേരുകൾ സംസ്കൃതത്തിൽ പഠിക്കുക.<br>• ആശയങ്ങൾ തെറ്റുകൂടാതെ പ്രകടിപ്പിക്കാനും സർഗാത്മകരചനകൾ വികസിപ്പിക്കാനുമുള്ള അവസരം നൽകുക.<br>• എല്ലാ കുട്ടികളും അർത്ഥപൂർണമായി വായിക്കുന്നുവെന്ന് ഉറപ്പ് വരുത്തുക.<br>• സാഹിത്യാഭിരുചി വളർത്തുന്ന പ്രവർത്തങ്ങൾ<br>• ഭാഷാശേഷി വികസിപ്പിക്കുന്നതിനായി ആധുനിക സാങ്കേതികവിദ്യാ സാധ്യതകളെ പ്രയോജനപ്പെടുത്തൽ<br>• ഭാഷാലാബ് | • ടെസ്റ്റ് നടത്തി മികവുകളും പരിമിതികളും കണ്ടെത്തുന്നു.<br>• പരിമിതികൾ പരിഹരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ<br>• പതിപ്പുകൾ, മാഗസിനുകൾ<br>• രചനാ ശില്പശാലകൾ<br>• സംസ്കൃതദിനാചരണം / അസംബ്ലി<br>• ഒഴിവുസംയങ്ങളിൽ പ്രത്യേക ക്ലാസ്<br>• വായനമൂല, പദപ്പയറ്റ്, ചോദ്യോത്തരപയറ്റ്, നിഘണ്ടു നിർമാണം, മാഗസിൻ നിർമാണം, ദിനാചരണങ്ങൾ, പോസ്റ്റർ നിർമാണം, കഥ - ഉപന്യാസം രചിക്കൽ & അവതരണം etc...<br>• വിവിധസാഹിത്യശാഖകളെ പരിചയപ്പെടുത്തൽ, കഥ, കവിത, സുഭാഷിതങ്ങൾ, ജീവചരിത്രക്കുറിപ്പുകൾ എന്നിവ രചിച്ച് / ശേഖരിച്ച് പതിപ്പുകൾ തയ്യാറാക്കൽ etc...<br>• വിവിധ കലാരൂപങ്ങളുടെ demonstration | ജൂൺ മുതൽ മാർച്ച് വരെ | പുസ്തകങ്ങൾ<br>വീഡിയോകൾ<br>ചിത്രങ്ങൾ<br>etc.. | |

# <u>അക്കാദമിക് മാസ്റ്റർ പ്ലാൻ</u>

## PROJECT (SANSKRIT)

---

- **സംസ്കൃതം ലൈബ്രറി**

  സംസ്കൃതഗ്രന്ഥങ്ങൾ, ബാലകഥകൾ, ബാലകവിതകൾ, ജീവചരിതഗ്രന്ഥങ്ങൾ തുടങ്ങിയവ ഉൾപ്പെടുത്തി സംസ്കൃത ലൈബ്രറിയുടെ നിർമ്മാണം.

- **സംസ്കൃതദിനാചരണം**

  സംസ്കൃതദിനം വിവിധ പരിപാടികളോടെ സമുചിതമായി ആചരിക്കൽ

- **സംസ്കൃത അസംബ്ലി**

  വിവിധ ദിനാചരണങ്ങളോടനുബന്ധിച്ച് സ്കൂൾ തലത്തിൽ അസംബ്ലി അവതരിപ്പിക്കൽ.

- **സംസ്കൃതസംഭാഷണ ശിബിരം**

  സംഭാഷണപാടവം മെച്ചപ്പെടുത്താനായി സംഭാഷണശിബിരങ്ങൾ സംഘടിപ്പിക്കൽ.

- **പഠനയാത്രകൾ സംഘടിപ്പിക്കൽ**

  സംസ്കൃതകൗൺസിലിന്റെ നേതൃത്വത്തിൽ പഠനയാത്രകൾ സംഘടിപ്പിക്കൽ.

- **വിവിധ മത്സരങ്ങൾ**

  കഥാരചന, കവിതാരചന, ഉപന്യാസരചന, പ്രശ്നോത്തരി തുടങ്ങിയ മത്സരങ്ങൾ സംഘടിപ്പിക്കൽ.

- **മികച്ച വിദ്യാർത്ഥികൾക്ക് മത്സരപ്പരീക്ഷൾക്കുള്ള പ്രത്യേകപരിശീലനം**

  സംസ്കൃതം സ്കോളർഷിപ്പ് പരീക്ഷ, യു എസ് എസ് പരീക്ഷ, രാമായണം പ്രശ്നോത്തരി എന്നിവയ്ക്ക് പ്രത്യേക പരിശീലനം നൽകൽ.

- **ഐ ടി സാധ്യതകളെ പ്രയോജനപ്പെടുത്തൽ**

  വിക്ടേഴ്സ്ചാനൽ, സമഗ്ര പോർട്ടൽ തുടങ്ങിയവ വഴി സാങ്കേതികവിദ്യയുടെ സാധ്യതകളെ പ്രയോജനപ്പെടുത്തൽ. സംസ്കൃതം സിനിമകൾ, ഷോർട്ട് ഫിലിമുകൾ , ഡോക്യുമെന്ററികൾ തുടങ്ങിയവ പ്രദർശിപ്പിക്കൽ.

# അക്കാദമിക് മാസ്റ്റർ പ്ലാൻ :- ആരോഗ്യ കായിക വിദ്യഭ്യാസം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| കുട്ടികളുടെ മാനസികാരോഗ്യം വർധിപ്പിക്കുന്നതിന് | 5,6,7,8,9 ക്ലാസ്സുകളിലെ കുട്ടികൾക്ക് യോഗ പരിശീലനം, 30 മിനിട്ട് നടത്തം, സ്റ്റെപ്പ് കയറൽ | യോഗ(ജൂൺമാസം) ഒരു വർഷം | യോഗാ ട്രെയിനർ HS,UP അധ്യാപകർ | PTA |
| കുട്ടികളുടെ കായികശേഷി , മാനസിക ഉല്ലാസം ഇവ വർദ്ധിപ്പിക്കുന്നതിന് | 5,6,7,8 ,9 ,10 ക്ലാസ്സിലെ കുട്ടികൾക്ക് പരിശീലനം | ജൂൺ മുതൽ ഡിസംബർ വരെ | HS,UP അധ്യാപകർ | PTA |
| കുട്ടികളുടെ കായികശേഷി വർദ്ധിപ്പിക്കൽ , കായിക മത്സരങ്ങളിൽ മികവിലേക്കെത്തിക്കൽ . | ആൺകുട്ടികൾക്ക് ജൂൺ മുതൽ ഫുട്ബോൾ,ബാഡ്മിന്റൻ ഇവയ്ക്ക പരിശീലനം നൽകൽ അത് ലറ്റിക്സിൽ സംസ്ഥാനതല ,ദേശീയതല മത്സരങ്ങളിൽ മികവ് പ്രകടിപ്പിക്കുന്നതിനു ആവശ്യമായ പരിശീലനം നൽകൽ | ജൂൺ മുതൽ എല്ലാ ദിവസങ്ങളിലും പ്രത്യേക സമയം കണ്ടെത്തി പരിശീലനം നൽകുന്നു | സ്കൂളിലെ മുൻ കായികാധ്യാപകൻ,മറ്റ് അധ്യാപകർ | PTA |

# അക്കാദമിക് മാസ്റ്റർ പ്ലാൻ :- പ്രവൃത്തിപരിചയം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| കുട്ടികൾക്ക് പ്രകൃതിയുമായി ആഴത്തിലുള്ള ബന്ധം ഉണ്ടാവുന്ന | ബാഡ്ജ് നിർമ്മാണം പരിസ്ഥിതി ദിനവുമായി ബന്ധപ്പെട്ട് പ്രകൃതി സൗഹാർദ്ദ ബാഡ്ജ് നിർമ്മിക്കുന്നു | ജൂൺ | അധ്യാപിക | |
| പാഴ് വസ്തുക്കളിലൂടെ പുനരുപയോഗം പ്രോത്സാഹിപ്പിക്കാൻ | ഗ്രോബാഗ് നിർമ്മാണം. കുട്ടികൾ പഴയ ജീൻസ് ഉപയോഗിച്ച് ഗ്രോ ബാഗ് നിർമ്മിക്കുന്നു.ഇത് ഉപയോഗിച്ച് സ്കൂളിൽ ഒരു പച്ചക്കറി തോട്ടം നിർമ്മിക്കുന്നു | ജൂലായ് | അധ്യാപിക | |
| കടലാസുകൊണ്ട് വിവിധ വസ്തുക്കൾ നിർമ്മിക്കുന്നതിന് കഴിവുള്ളവരാക്കാൻ | പേപ്പർ ബേർഡ്,പേപ്പർ കുടനിർമ്മാണം,പലതരം പൂക്കൾ നിർമ്മാണം എന്നിവ പരിശീലിപ്പിക്കുന്നു | ആഗസ്റ്റ്,സെപ്റ്റംബർ | അധ്യാപിക | |

## അക്കാദമിക് മാസ്റ്റർ പ്ലാൻ :- ART EDUCATION (U P, H S)

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| കലയെക്കുറിച്ചുള്ള പ്രാഥമിക വിവരണം,ചരിത്രം, ഇവ പരിചയപ്പെടൽ | കലയുടെ ആമുഖം,കുത്തിവരയിലൂടെ തുടക്കം,വ്യത്യസ്ഥ രേഖകൾ പരിചയപ്പെടുത്തുന്നു | | അധ്യാപകൻ | |
| നിശ്ചലദൃശ്യം ക്രമീകരിച്ച് നോക്കിവരയ്ക്കുക | നിശ്ചല വസ്തുക്കൾ വരയ്ക്കാനായി ക്രമീകരിക്കുകയും നോക്കി വരയ്ക്കുക വഴി **Fundamenal Art** നെക്കുറിച്ച് ഒരു ധാരണ കൈവരിക്കുന്നു | | അധ്യാപകൻ | |
| ക്ലാസ്സ്റൂമിന് പുറത്ത് മരങ്ങളും,ഇലകളും, കായ്കളും,കെട്ടിടങ്ങൾ,വ ാഹനങ്ങൾ മറ്റ് ജീവജാലങ്ങൾ തുടങ്ങി നമ്മുടെ ചുറ്റുപാടുകളെക്കുറിച്ച് അവബോധം ഉണ്ടാക്കിയെടുക്കുന്നു. | പ്രകൃതിദൃശ്യവും ചുറ്റുപാടും വരയ്ക്കുക വഴി ചുറ്റുപാട് മനസ്സിലാക്കാനും വരച്ചെടുക്കാനും പരിശീലനം കൈവരിക്കുന്നു. | | അധ്യാപകൻ | |










STEM
EDUCATION



# ഉപസംഹാരം

വിദ്യാർത്ഥികളുടെ ശാരീരികവും മാനസികവും സാമൂഹികവുമായ പ്രശ്നങ്ങളെ അഭിസംബോധന ചെയ്ത് അവരുടെ അവകാശ സംരക്ഷണത്തിന്റെ കാതലായ പരിരക്ഷ , സുരക്ഷ, പങ്കാളിത്തം എന്നീ ഘടകങ്ങൾ പരിഗണിച്ചുകൊണ്ടാണ് ഈ അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിട്ടുള്ളത്. സമഗ്ര ഗുണമേന്മ വിദ്യാഭ്യാസ പദ്ധതി സമയബന്ധിതമായി നടപ്പിലാക്കുന്നതിന്റെ ഭാഗമായി ഓരോ ക്ലാസിലും വിഷയത്തിലും പാഠ്യപദ്ധതി നിശ്ചയിച്ച ശേഷികൾ കുട്ടികൾ നേടുന്നുണ്ടെന്ന് ഉറപ്പുവരുത്തുകയും കുട്ടികൾ-ക്കുവേണ്ട പഠനപിന്തുണ നൽകുകയും പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികൾക്ക് കൂടുതൽ ശ്രദ്ധ നൽകുകയും നിരന്തര മൂല്യനിർണ്ണയ പ്രക്രിയ കാര്യക്ഷമമാക്കുകയും ചെയ്യുക എന്ന ലക്ഷ്യത്തിൽ എത്തിച്ചേരുന്നു.